# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2452 11/10/2011-ലെ മറുപടിക്ക്

## അലിഗഢ് മുസ്ലീം സർവകലാശാല

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എ. ബേബി | ശ്രീ. പി.കെ. അബ്ദു റബ്ബ് ( ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി). |
| എ) കേരളത്തിൽ അലിഗഢ് മുസ്ലീം സർവകലാശാലയുടെ കാമ്പസ് ആരംഭിക്കുന്നതിന് എപ്പോൾ, എത്ര ഭൂമിയാണ് കൈമാറിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | എ) രണ്ട് ഘട്ടങ്ങളിലായി മൊത്തം 335.99240 ഏക്കർ സ്ഥലം ഏറ്റെടുത്ത് അലിഗഢ് സർവകലാശാല അധികൃതർക്ക് കൈമാറിയിട്ടുണ്ട്. ഒന്നാം ഘട്ടം 06/03/2010-നും രണ്ടാം ഘട്ടം 28/12/2010-നും ആണ് ഏറ്റെടുത്ത് നൽകിയത്. കൂടാതെ പ്രസ്തുത കാമ്പസിനെ പെരിന്തൽമണ്ണ-പട്ടാമ്പി റോഡിൽ ചെറുകരയുമായി ബന്ധിപ്പിക്കുന്ന അപ്രോച്ച് റോഡിനായി 8 ഏക്കറോളം സ്ഥലം ഏറ്റെടുക്കാനുള്ള ഉത്തരവും കരട് വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുണ്ട്. |
| ബി) അലിഗഢ് മുസ്ലീം സർവകലാശാലയുടെ കാമ്പസ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ഇതുവരെ എന്തു തുക ചെലവഴിച്ചു എന്ന് വിശദമാക്കുമോ; | ബി) ഇതുവരെ 40 കോടിയിൽപ്പരം രൂപ സ്ഥലമെടുപ്പിനായി ചെലവഴിച്ചു. കൂടാതെ അലിഗഢ് മലപ്പുറം സെന്ററിന്റെ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനായി ഏകദേശം 1,46,84,500 രൂപയുടെ ഭരണാനുമതിയും നൽകുകയുണ്ടായി. താൽക്കാലികമായി ക്ലാസ്സുകൾ ആരംഭിക്കുന്നതിനും ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും ഹോസ്റ്റൽ സൗകര്യത്തിനും ആയി 3 കെട്ടിടങ്ങൾ വാടകയ്ക്ക് എടുക്കുന്നതിനും പ്രസ്തുത കെട്ടിടങ്ങൾക്കുള്ള പ്രതിമാസ വാടകയായ 3,50,000/- രൂപ IHRD വഴി നൽകുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. |

| | |
|---|---|
| സി) ഏതെല്ലാം കോഴ്സുകൾ എന്നു മുതൽ ഈ കേന്ദ്രത്തിൽ നടന്നുവരുന്നുവെന്ന് വ്യക്തമാക്കുമോ; | സി) നിലവിൽ പഞ്ചവത്സര ബി.എ. എൽ. എൽ. ബി. കോഴ്സം, ദ്വിവത്സര എം.ബി.എ കോഴ്സമാണ് സെന്ററിൽ ആരംഭിച്ചിട്ടുള്ളത്. 28/02/2011 മുതലാണ് ക്ലാസ്സുകൾ ആരംഭിച്ചിട്ടുള്ളത്. |
| ഡി) സർവ്വകലാശാലയുമായി ബന്ധപ്പെട്ട് ഇപ്പോൾ കേന്ദ്ര സർക്കാർ എടുത്തിട്ടുള്ള നിലപാട് വ്യക്തമാക്കുമോ? | ഡി) സെന്റർ തുടങ്ങുന്നതിന് കേന്ദ്ര സർക്കാർ, നിയന്ത്രണമൊന്നും മുന്നോട്ട് വച്ചിട്ടില്ല. എന്നാൽ വൈസ് ചാൻസലറുടെ അധികാരങ്ങളിൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയുണ്ടായി. പുതിയ നിയമനങ്ങളും സ്ഥാനക്കയറ്റങ്ങളും നൽകുന്നതിനും അക്കാദമികവും ഭരണപരവുമായ രംഗങ്ങളിൽ യൂണിവേഴ്സിറ്റിക്ക് സാമ്പത്തികവും മറ്റുമായ ദീർഘകാല ബാധ്യതകൾ ഉണ്ടാക്കുന്ന നയപരമായ തീരുമാനങ്ങൾ എടുക്കുന്നതിന് വൈസ് ചാൻസലറെ തടഞ്ഞുകൊണ്ട് കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിൽ നിന്ന് അലിഗഡ് യൂണിവേഴ്സിറ്റി രജിസ്ട്രാർക്ക് കത്തയക്കുകയുണ്ടായി. എന്നാൽ ഇപ്പോൾ, കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം പുറത്തിറക്കിയ വിശദീകരണക്കുറിപ്പ് പ്രകാരം വകുപ്പ് തലവൻമാരെയും ഡീൻമാരെയും നിയമിക്കുന്നതിനും നിലവിൽ നടന്നു വരുന്ന നിർമ്മാണ പ്രവർത്തികൾക്ക് പണം നൽകുന്നതിനുമുള്ള അധികാരം പുന:സ്ഥാപിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ